compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഡിസംബർ 02
Tuesday, 02nd December 2025

1201 വൃശ്ചികം 16
16th Vrischikam 1201

1947 അഗ്രഹായനം 11
11th Agrahayana 1947

വാല്യം 14
Vol. XIV

നമ്പർ **48**
No.

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

[ഹാജർ : ശ്രീ. സുരേന്ദ്രൻ ചെമ്പ്ര, ജോയിന്റ് രജിസ്ട്രാർ (ജനറൽ)]

നമ്പർ JRMPM/720/2025-HMC2. 2025 നവംബർ 17.

വിഷയം :—പുറത്തൂർ അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് & വർക്കേർസ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 883-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) സഹകരണ സംഘം രജിസ്ട്രാറുടെ 21-11-2022-ലെ RCS/7921/2022 AEL (1) നമ്പർ കത്ത്.

(2) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 19-7-2023-ലെ AGRTIR/454/2023 OI നമ്പർ ഉത്തരവ്.

(3) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 12-6-2024-ലെ AGRTIR/284/2023 OI നമ്പർ കത്തും വകുപ്പ് 66 പരിശോധന റിപ്പോർട്ടും

(4) ഈ കാര്യാലയത്തിലെ 15-1-2025-ലെ JRMPM/1054/2022-HMC2 നമ്പർ നോട്ടീസ്.

ദീർഘകാലമായി പ്രവർത്തന രഹിതമായതും പുനരുജ്ജീവനത്തിന് സാധ്യതയില്ലാത്തതുമായ സംഘങ്ങളെ സമാപ്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ പരാമർശം (1) നിർദ്ദേശത്തിന്റേയും ഈ ഓഫീസിലെ 3-12-2022-ലെ JRMPM/250/2022-AEL നമ്പർ നിർദ്ദേശത്തിന്റേയും സീനിയർ ആഡിറ്റർ ശ്രീമതി ലത, പി. യുടെ പ്രത്യേക റിപ്പോർട്ടിലെ പരാമർശങ്ങളുടേയും അടിസ്ഥാനത്തിൽ പുറത്തൂർ അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് & വർക്കേർസ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 883-ന്റെ പ്രവർത്തനം സംബന്ധിച്ച് പരാമർശം (2) പ്രകാരം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന നടത്തുന്നതിന് ഉത്തരവാകുകയും പരിശോധന പൂർത്തിയാക്കി പരാമർശം (3) പ്രകാരം പരിശോധന ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

5-12-2012-ന് രജിസ്റ്റർ ചെയ്യപ്പെടുകയും 17-4-2013-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത പുറത്തൂർ അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് & വർക്കേർസ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 883-ന്റെ പ്രവർത്തന പരിധി മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ മുഴുവൻ പ്രദേശങ്ങളും ഉൾപ്പെടുന്നതാണ്.

സംഘം പ്രവർത്തനമാരംഭിച്ച 17-4-2013 മുതൽ നാളിതുവരെ നിയമാവലിയിൽ സൂചിപ്പിക്കുന്നതു പോലെയുള്ള യാതൊരുവിധ പ്രവർത്തനങ്ങളും നടന്നിട്ടില്ല. സംഘത്തിന്റെ ചീഫ് പ്രമോട്ടർ ആയിരുന്ന ശ്രീ രവീന്ദ്രനാഥൻ ചെറുകാട്ടുമനയിൽ, ഭരണസമിതി അംഗമായിരുന്ന ശ്രീ. നൗഷദ് എന്നിവരുടെ മൊഴി പ്രകാരം ആദ്യ പ്രസിഡണ്ടായിരുന്ന ശ്രീ അബ്ദുള്ളക്കുട്ടി, എ. പി. എന്നയാൾ 2019-ൽ മരണപ്പെട്ടു. ഭരണസമിതിയുടെ കാലാവധി 158-8-2019-ന് അവസാനിക്കുകയും ചെയ്തു. സംഘവുമായി ബന്ധപ്പെട്ട് യാതൊരുവിധ പ്രവർത്തനങ്ങളും നടന്നിട്ടില്ല.

സംഘം ഭരണസമിതിയുടെ കാലാവധി 15-8-2019-ന് അവസാനിച്ചിട്ടുണ്ട്. പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നതിനോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. സംഘത്തിന് നിലവിൽ ഓഫീസോ പ്രവർത്തനങ്ങളോ സംഘത്തെ പുനരുദ്ധരിക്കുന്നതിനുള്ള സാധ്യതയോ ഒന്നും തന്നെ ഇല്ല. സംഘം പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മുൻ ഭരണസമിതിക്ക് യാതൊരു താൽപര്യവും ഇല്ലയെന്നും, യാതൊരു വിധത്തിലും പ്രവർത്തനക്ഷമമാക്കുവാൻ സാധ്യമല്ലാത്ത വിധം സംഘം പ്രവർത്തനരഹിതമായ സാഹചര്യത്തിൽ സംഘം പ്രവർത്തനം സമാപ്തികരിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് പരിശോധ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് മുൻ ഭരണസമിതിക്കോ അംഗങ്ങൾക്കോ യാതൊരു താൽപര്യവും ഇല്ല. യാതൊരു വിധത്തിലും പ്രവർത്തനക്ഷമമാക്കുവാൻ സാധ്യമല്ലാത്ത വിധം സംഘം പ്രവർത്തനരഹിതമായ സാഹചര്യത്തിൽ സഹകരണ നിയമം വകുപ്പ് 71 (2)(a) പ്രകാരം സംഘം സമാപ്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് പരിശോധന ഉദ്യോഗസ്ഥൻ ശിപാർശ ചെയ്തിട്ടുണ്ട്.

വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന സംഘത്തിൽ പ്രവർത്തന സാധ്യത ഇല്ലാത്തതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന പുറത്തൂർ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് & വർക്കേർസ് വെൽഫെയർ സഹകരണസംഘം ക്ലിപ്തം നമ്പർ എം. 883-നെ പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യതയില്ലാത്തതിനാൽ വകുപ്പ് 71 (1) പ്രകാരം സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി സ്പെഷ്യൽ ഓഫീസർ, കേരള ബാങ്ക് മലപ്പുറം (പാലക്കാട് റീജിയണൽ), സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് പരാമർശം (4) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയത്തിനകം ആരും തന്നെ നിവേദനമോ അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പുറത്തൂർ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് & വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 883-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് കൊണ്ടും, വകുപ്പ് 72(1) പ്രകാരം തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കുറ്റിപ്പുറം യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും, ചാർജ്ജെടുത്ത തീയതിയിലെ ബാക്കി പത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും, സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തികരിക്കേണ്ടതും, ചട്ടം 69(3) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ഒപ്പ്)
(ജനറൽ)-ടെ കാര്യാലയം, മലപ്പുറം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.02 04:20:22 +05:30